"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ്- തൃശ്ശൂർ ജില്ലയിൽ പീച്ചി വില്ലേജിൽ കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ട ഷിജോയുടെ ആശ്രിതർക്ക് ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ദുരന്ത നിവാരണ (എ) വകുപ്പ്

സ.ഉ.(സാധാ) നം.106/2026/DMD തീയതി,തിരുവനന്തപുരം, 25-02-2026

പരാമർശം:-
1. 07/03/2024 ലെ സ.ഉ(കൈ)നം.4/2024/ഡിഎംഡി
2. തൃശ്ശൂർ ജില്ലാ കളക്ടറുടെ DCTSR/4841/2025-K1 നമ്പർ കത്ത്
3. 09/05/2025 ലെ സ.ഉ(സാധാ)നം.304/2025-ഡിഎംഡി

**ഉത്തരവ്**

തൃശ്ശൂർ താലൂക്കിൽ പീച്ചി വില്ലേജിൽ മയിലാട്ടുംപാറ-ചെളിക്കുഴി എന്ന പ്രദേശത്ത് താമസിക്കുന്ന ഷിജോ എന്നവർ ആടിനെ മേയ്ക്കാൻ കാട്ടിനുള്ളിലേക്ക് പോകുകയും, 03/02/2026 ന് രാത്രി കാട്ടാനയുടെ ആക്രമത്തിൽ മരണപെട്ടതായും, ആയതിനു ധനസഹായം അനുവദിക്കണമെന്നും പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2) മനുഷ്യ വന്യജീവി ആക്രമണം പരാമർശം (1) പ്രകാരം സംസ്ഥാന സവിശേഷ ദുരന്തം ആയി പ്രഖ്യാപിച്ചിരുന്നു. കൂടാതെ കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്കു സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 4 ലക്ഷം രൂപയും, വനം-വന്യജീവി വകുപ്പിൽ നിന്നും 6 ലക്ഷം രൂപയും അനുവദിക്കാവുന്നതാണ് എന്ന് പരാമർശം (3) പ്രകാരം ഉത്തരവായിയിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ ജില്ലയിൽ പീച്ചി വില്ലേജിൽ കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ട ഷിജോയുടെ ആശ്രിതർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ "2245-02-101-99 Flood-Other items" എന്ന ശീർഷകത്തിൽ നിന്നും SDRF വിഹിതം ആയ 4 ലക്ഷം രൂപ അനുവദിച്ചു ഉത്തരവാകുന്നു.

4) SDRF വിഹിതം ജില്ലാ കളക്ടർക്കു അനുവദിക്കാനുള്ള നടപടി ദുരന്ത നിവാരണ വകുപ്പ് ഫിനാൻസ് ഓഫീസർ സ്വീകരിക്കേണ്ടതാണ്.

ഡോക്ടറുടെ സാക്ഷ്യപത്രം ഹാജരാക്കുന്നമുറയ്ക്ക് SDRF വിഹിതമായ 4 ലക്ഷം രൂപ തൃശ്ശൂർ ജില്ല കളക്ടർ, ഷിജോയുടെ ആശ്രിതർക്ക് അനുവദിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പൂജ ലാൽ കെ എ എസ്
അണ്ടർ സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം, തിരുവനന്തപുരം
ജില്ലാ കളക്ടർ, തൃശ്ശൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ഫിനാൻസ് ഓഫീസർ, ദുരന്ത നിവാരണ വകുപ്പ്
ദുരന്ത നിവാരണ (A3) സീറ്റ്
പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Vincent U
Date: 25-02-2026 18:17:59
സെക്ഷൻ ഓഫീസർ